പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 456 — 04.07.2012 ൽ മറുപടിക്ക്

## കുട്ടികളെ തട്ടിക്കൊണ്ടുപോകൽ

| ചോദ്യം<br>ശ്രീ. എം. പി. വിൻസന്റ് | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
|---|---|
| (എ) കൊച്ചുകുട്ടികളെ ഭിക്ഷാടന സംഘങ്ങൾ തട്ടിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കൊച്ചുകുട്ടികളെ ഭിക്ഷാടന സംഘങ്ങൾ തട്ടിക്കൊണ്ടുപോകുന്ന ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഇത് തടയുന്നതിന് പൊതുജന സഹായത്തോടെ ജാഗ്രതാ സമിതികൾ രൂപീകരിക്കുമോ; | (ബി) ബാലഭിക്ഷാടനം കണ്ടെത്തുന്നതിനും തടയുന്നതിനുമായി സംസ്ഥാനതലത്തിൽ ഡി. ഐ.ജി റാങ്കിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥൻ നോഡൽ ഓഫീസറായി Anti Human Trafficking Unit (AHTU) യും ഡി.സി. ആർ.ബി. യിലെ AC/Dy.Sp മാർ ജില്ലാ നോഡൽ ഓഫീസർമാരായി ജില്ലാ തലത്തിൽ സ്പെഷൻ പോലീസ് ജുവനൈൽ യൂണിറ്റും പ്രവർത്തിച്ച് വരുന്നു. പോലീസ് സ്റ്റേഷൻ തലത്തിൽ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരെയും ചൈൽഡ് വെൽഫെയർ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ബാലഭിക്ഷാടനത്തിനും, ബാലവേലയ്ക്കുമെതിരായി ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതിനായി പോലീസ് കൺട്രോൾ റൂമുകൾ ജാഗ്രത പുലർത്തി വരികയും പോലീസുദ്യോഗസ്ഥർ അതാത് പരിധിയിൽ വരുന്ന സ്കൂളുകളിൽ എത്തി ഇത്തരം സംഭവങ്ങൾ പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്.. കൂടാതെ ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെ മുന്നറിയിപ്പുകളും നൽകാറുണ്ട്. Department of Social Welfare, Child Welfare Committee, Child line Services, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസ്സോ |

സിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, ജനമൈത്രി പോലീസ് എന്നിവയുടെ സഹകരണത്തോടെ ബാലഭിക്ഷാടനത്തിനെതിരായി AHTU – ന്റെ നേതൃത്വത്തിൽ റെയിഡുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു.

(സി) ഭിക്ഷാടന സംഘങ്ങൾ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നത് തടയുന്നതിന് ക്രൈം സ്റ്റോപ്പർ മാതൃകയിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ?

(സി) AHTU ന്റെ ഭാഗമായി പരാതികൾ സ്വീകരിക്കാനും നടപടികളെടുക്കാനും ജില്ലകളിലുള്ള AHTU ന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും സംസ്ഥാന തലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം തിരുവനന്തപുരം ജില്ലയിലെ ഈഞ്ചയ്ക്കലിലുള്ള സി.ബി.സി.ഐ.ഡി. യൂണിറ്റിൽ പ്രവർത്തിക്കുന്നുണ്ട്. ഫോൺ മുഖാന്തിരവും ഇ-മെയിൽ വഴിയും പരാതികൾ സംസ്ഥാന നോഡൽ ഓഫീസറെ അറിയിക്കുന്നതിനും പരാതികളിന്മേൽ അതാത് എസ്.എച്ച്.ഒ. മാർ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കേസുകളിന്മേലുള്ള പുരോഗതി സംസ്ഥാന നോഡൽ ഓഫീസർക്ക് നിരീക്ഷണവിധേയമാക്കുന്നതിനും ആവശ്യമുള്ള നിയമസഹായങ്ങൾ നൽകുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചൈൽഡ് ലൈനിന്റെ ടോൾ ഫ്രീ നമ്പരിലും സഹായം തേടാവുന്നതാണ്.

സെക്ഷൻ ഓഫീസർ